

REFLECTION 2
SCHOOL
S.S.H.S.S KOODARANJI

# എഡിറ്റോറിയൽ ബോർഡ്

## രക്ഷാധികാരികൾ

റവ.ഫാ.റോയി തേക്കുംകാട്ടിൽ (സ്കൂൾ മാനേജർ)

ശ്രീമതി .സോളി ജോസഫ് (പ്രസിഡന്റ് കൂടരഞ്ഞി പഞ്ചായത്ത്)

ശ്രീമതി. ഏലിയാമ്മ ഇടമുളയിൽ (വാർഡ് മെമ്പർ)

## ചീഫ് എഡിറ്റേഴ്സ്

ശ്രീമതി .ലീന വർഗ്ഗീസ് (പ്രിൻസിപ്പാൾ SSHSS കൂടരഞ്ഞി)

ശ്രീ . സജി ജോൺ (ഹെഡ്മാസ്റ്റർ)

## ടീച്ചർ എഡിറ്റേഴ്സ്

ശ്രീ.ജോതിഷ് ചാക്കോ

സി .ബീനാമോൾ കെ.ജെ

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

അനീഷ ഷെറിൻ

അതുല്യ ബിജു

അമൾഡ സജി

സൂരജ് സുരേഷ്

ജിയോ അലൻ

# Index


1. മൗനമിനിയെന്തിനോ

2. കേരളത്തിന്റെ ഉയർത്തെഴുന്നേൽക്കൽ

3 Is Kerala's flood man made or natural

4. ഉച്ചനേരത്തെ കാറ്റ് പറഞ്ഞത്

5. കണ്ണീർ ചാലുകള്

6. ഒറ്റപ്പെട്ട പെൺകുട്ടി

7. മഴ പറഞ്ഞത്?

8. മഴ പറഞ്ഞത്?

9. മൗനമെട്ടത്ത ജീവനുകൾ

10. ഉപ്പിൻ രസം നിറഞ്ഞ കാറ്റ്

11. Is Kerala's flood man made disaster or natural

12. മഴ പറഞ്ഞത്

13. മഴ അപ്പോഴും തോർന്നിരുന്നില്ല

14. വസന്തം മാഞ്ഞ വഴി

15. പ്രളയം പഠിപ്പിച്ച ജീവിത പാഠങ്ങൾ

16. കേരളത്തിന്റെ ഉയർത്തെഴുന്നേൽക്കൽ

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിന് അപ്പുറം വിവരവിനിമയ സാകേതികവിദ്യകളുടെ സകേതങ്ങളും ഉപകരണങ്ങളും ഉപയോഗിക്കാന് വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാന് ശ്രമിക്കുന്നതിന്റെ ഭാഗമായാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ. ടി. കൂട്ടായ്മ ഹൈടക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങള് നടപ്പിലാക്കുന്നത്.

സാകേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണ്യങ്ങള് പരിചയപ്പെടുത്തുന്നതിന്

അവസരം നൽകി,ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.ഗ്രാഫിക്സ്, ആനിമേഷന്,സ്ക്രാച്ച് പ്രോഗ്രാമിങ്,പൈത്തണ് പ്രോഗ്രാമിങ്,മലയാളം കമ്പ്യൂട്ടിങ് ടെസ്ക്ടോപ്പ് പബ്ലിഷിങ്ങും, ഇന്റര്നെറ്റും സൈബര് സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉള് ക്കൊള്ളിച്ചിരിക്കുന്നത്.കൂടാതെ,മികവ് പുലര്ത്തുന്നവര് ക്ക് സബ്ജില്ല,ജില്ല,സംസ്ഥാനതല ക്യാമ്പുകളിലായി കൂടുതൽ ഉയര്ന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.

ലിറ്റില് കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തില് തയ്യാറാക്കിയ ഈ സ്കൂള് ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെയും അദ്ധ്യാപകരുടെയും കഥകള്,കവിതകള്, അനുഭവകുറിപ്പുകള്,രചനാചിത്രങ്ങള്,ശാസ്ത്രകുറിപ്പുകള്,

ലേഖനങ്ങള് എന്നിവ പരമാവധി ഉള്
പ്പെടുത്തിയിട്ടുണ്ട്.എല്ലാ വിഷയങ്ങളെയും ഉള്ചേര്
ത്തിയുള്ള ഈ മാഗസിനു പിന്നിൽ പ്രവര്ത്തിച്ച
ഇതിലെ എഡിറ്റോറിയൽ ബോര്ഡ് അംഗങ്ങളായ
വിദ്യാര്ത്ഥികളായ അതുല്യ ബിജു,അനീഷ
ഷെറിന്,അമല്ഡ സജി,സൂരജ് സുരേഷ്,ജിയോ
അലന് ജോഷി എന്നിവര് ഈ ഡിജിറ്റൽ മാഗസിന്റെ
രൂപവും ഭാവവും വര്ദ്ധിപ്പിക്കാന് ഏറെ
അധ്വാനിച്ചവരാണ്.അവരുടെ സഹകരണത്തെയും
സേവനത്തെയും പ്രത്യേകം ഓര്ക്കുന്നു. ഇതുനോട്
സഹകരിച്ച മറ്റെല്ലാ വിദ്യാര്ത്ഥികളോടും നന്ദി
അറിയിച്ചുകൊണ്ട് ഈ മാഗസിന് സമര്പ്പിക്കുന്നു.

സ്നേഹത്തോടെ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# മൗനമിനിയെന്തിനോ ?

മധ്യാഹ്നസൂര്യൻ ഉദിച്ച്
നിന്നൊരാ നേരത്ത്
ഒരിളംകാറ്റായ് നീയെൻ ചാരെയെത്തി -
യതെന്തിനോ ഒരു കണ്ണീർ
പോലെയായി
നിൻ കണ്ണീരിൻ ഹേതു
മനുഷ്യകർമ്മമോ അതോ ആനന്ദഭാഷ്പമോ?
ഇളംകാറ്റിൽ ആടിയുലയുന്ന
മരതകകാറ്റാടികൾ എങ്ങുപോയി
മനുഷ്യ നീ എന്തിനെന്നെ ദുഃഖത്തിൽ ആഴ്ത്തി-
യതെന്തിനെന്ന് നീ എന്തിനെന്നോട്
ഓതിടുന്നു
കാറ്റാടികളായമർന്നു വീശി
ആഹ്ലാദാരവമൊഴുക്കിയൊരു കൊച്ചു-
തെന്നലായി വന്നണഞ്ഞ തരുക്കൾ എവിടെ
തരുമോ നീയെവിടെയാണെവിടെയാണ്?
കാറ്റേ,
ആഹ്ലാദകരഘോഷം മുഴക്കി നിന്നോടൊ-
പ്പമിനിയാടിയുലയാൻ ആരുണ്ടിനി
ആരുണ്ടിനി നിനക്ക് കൂട്ട്
കാറ്റേനീയെന്നോടോതിയതെന്തെന്നൊരിക്കൽ-
ക്കൂടിയെന്നോട് ചൊൽവൂ

നിൻ മധുരഗാനമെന്തുകൊണ്ടോ
ഞാൻ കേട്ടതില്ല
നിനക്ക് കൂട്ടായിനി തരുക്കളില്ല
പുല്ലുകളും കിടാങ്ങളും ഇല്ല
കറുത്തിരുണ്ട് വിതുമ്പി നിൽക്കുന്നൊരു

കാർമുകിലായി നീയെന്തിന് മാറി
നിൻ ദു:ഖമിനി ആരോട് ചൊല്ലും
നിൻ ദു:ഖത്തിൻ തീവ്രതയിൽ
ഞാനും ഇതാ ലയിച്ചുനിന്നിടുന്നു
എൻ അന്തരംഗമെന്തിനോ
നിൻ ദു:ഖത്തിൽ
വിതുമ്പിടുന്നു
നിൻ ദു:ഖമെന്തിനോ
എന്നിലൊരു സൂചിപോൽ
തറച്ചിടുന്നു
നിൻ ദു:ഖമിനിയെന്തി-
നെന്ന് എന്നോട്
നീ ഒന്ന് ചൊല്ലിടുമോ?
ഒടുവിലോ ദിനകരൻ
മറഞ്ഞ നേരമോ
നീ എന്തിനോ ഇരുണ്ടു
ഭൂമിയിൽ പാറിപ്പറന്നു-
നടന്നിടുന്നു Ahtullya



# കേരളത്തിന്റെ ഉയർത്തെഴുന്നേൽക്കൽ

*നൂറ്റാണ്ടുകൾക്കിടയിൽ കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത പ്രളയമാണ് നീണ്ട രണ്ടു വർഷമായ് അനുഭവിക്കുന്നത്.കേരളം ഒന്നടക്കം നടുങ്ങിയെങ്കിലും ഒന്നാണ നമ്മൾ. എന്ന ആദർഷം മനസ്സിൽ സ്വീകരിച്ച് കൊണ്ട് ഒറ്റക്കെട്ടായ് നിന്ന് പ്രളയത്തെ വരെ കേരള മക്കൾ അതിജീവിച്ചു.*

*പ്രളയമെന്ന മഹാ മാരിക്ക് മുമ്പുകണ്ട കേരളമല്ലയിത് മനുഷ്യർ പലരും മാറിക്കൊണ്ടിരിക്കുന്നു. പ്രളയത്തിലൂടെ മനുഷ്യൻ പലതും പഠിച്ചു.ദൈവം മനുഷ്യനെ പഠിപ്പിച്ചു.സമ്പത്തോ ദാരിദ്രവുമുള്ള മനുഷ്യരെല്ലാം ഓരോ ദുരിതാശ്വാസക്യാമ്പിൽ ഒന്നിച്ചുകൂടിയപ്പോൾ നാമെല്ലാം ഒന്നാണ് എന്ന പാഠം നമ്മുക്ക് പഠിപ്പിച്ച തരാൻ ദൈവത്തിന് സാധിച്ചു.*

*തൊട്ടടുത്തുള്ള വീട്ടിലുള്ളവർ തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത കാലമാണിത്.*

*അങ്ങനെയുള്ള ആധുനിക സംസ്കാരം പ്രളയം വന്നപ്പോൾ ഒലിച്ച് പോയി. പരസ്പരം അറിയുവാനും പരിചയപ്പെടാനും എല്ലാം ദുരിതാശ്വാസക്യാമ്പിൽ കഴിഞ്ഞവർക്ക ഇടയായി. തുടരെതുടരെ വരുന്ന പ്രളയത്തിൽനിന്നും കരകയറാൻ മനുഷ്യൻ പഠിച്ച വരുന്നു. പിണങ്ങി താമസിക്കുന്നവർ തമ്മിൽ ഒരു പ്രളയത്തിലൂടെ ഇണങ്ങി, അയൽവക്ക വഴക്കുകളും കുടുംബവഴക്കുകളും ഒരു പരിധിവരെ മനുഷ്യൻ അവസാനിച്ചു.*
*ഓരോ പ്രളയം വരുമ്പോഴും ഒരു ആയുസ്സ് മുഴുവൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയതെല്ലാം പ്രളയജലം വിഴുങ്ങുമ്പോൾ സഹിക്കാൻ ഓരാൾക്കും കഴിഞ്ഞില്ല. എന്നാൽ സമ്പത്തും ജീവിതസുഖങ്ങളും മനുഷ്യഹൃദയങ്ങളെ സ്വാധീനിച്ചു. പണക്കാരനാണോ പാവപ്പെട്ടവനാണോ എന്ന് നോക്കാതെ എല്ലാവരും കൈകൾ കോർത്ത് പിടിക്കാനുള്ള മനസ്സ്*

*കാണിച്ചു. ഒരു പക്ഷേ മറ്റേതെങ്കിലും സംസ്ഥാനങ്ങളിലാണ് ഇത് സംഭവിച്ചിരുന്നതെങ്കിൽ*

*രാഷ്ട്രീയവും പക്ഷാതാപപരവുമായ ഇടപെടൽ ഉണ്ടായേക്കാം. എന്നാൽ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന കേരളം പഠനങ്ങളിലോ കലയിലോ കായികത്തിലോ മാത്രമല്ല. ഒരു ദുരന്തം വന്നാൽ അതിനെ അതിജിവിക്കാനുള്ള കരുത്തും ബുദ്ധിയുമുള്ളവരാണ് എന്ന് തെളിയിച്ചിരിക്കുകയാണ്. ജാതി മത വർഗ വ്യത്യാസമില്ലാതെ രാഷ്ട്രീയവും സാംസ്കാരികവുമായ എല്ലാ പ്രവർത്തകരും തങ്ങളുടെ ഉറ്റവരെ രക്ഷിക്കാനായി അഭിമുഖീകരിച്ചു. ഏറ്റവും അടുത്ത് പറയേണ്ട കാര്യം യാതൊരു മുൻഗണനയുമില്ലാതെ തങ്ങളുടേതായ ലോകത്തിൽ ഒതുങ്ങിയ മത്സ്യതൊഴിലാളികളാണ്. അവരുടെ വലിയ സഹായം കൊണ്ടാണ് കേരളം വലിയ പ്രളയത്തിൽനിന്നും കരകയറിയതും അവരെ വേണ്ടവിധം പരിഗണിക്കാതിരുന്നത് എതിരായി ഇവർക്ക് പ്രളയം കണ്ടില്ലെന്ന് വയ്ക്കാമായിരുന്നു.*

*Angel maria Benny*

# Is Kerala's flood man made or natural

Nowadays,we the people in Kerala experiences flood. Through flood many of among us lost their life. At the time of flood,we the people in Kerala,overcome such difficult situation.

Is Kerala flood man made disaster or natural?We all should have such a question because we are the main source of this common disaster. Either it can be a man made disaster or it will be a natural disaster.

As we all know,in 2019,we overcome from flood. Each and every people in higher regions and also in lower region lost their houses and also some among them their life. At the time of flood we work together,do for all in together we together form an association for ready to help the people who were trapped by flood. Many refugees camp were started from the people who were lost their houses. And we sponsered something like bedsheets,flood and such materials for helping their. In flood,many roads,buildings....etc.. were destructed. Through

flood,about more than 900 crore,government lost in their account.

As we all know,in 2018 we all overcome the most destructive flood. At the time we all are together for helping other. When the situation is over we come back with confidence to overcome such a difficult situation.

As we all know, flood is a natural disaster. When the situation is become huge raining there is a chance for flood. Though land slide most of the people in higher region lost their life. But think in one side...the main reason for flood is a man made disaster. Nowadays people were mostly focus on cash. For making cash they do any cheap activities. By mining of land, by destructing land, hills and field,by deforestation...we the people destroy our nature. Through such activities the nature will become weak and also lost it’s energy. As we all know trees plays a major role in making soil fertile. By cutting trees the soil lost it’s fertile. By destroying the hills then the construction of buildings is main

reason for this. By doing such activities, we invite such disasters.

We all think that Kerala flood is a kind of natural disasters. No...it is a man made disaster. We are the reason. So please stop activities that may be the causes of flood and such disasters.

*We should take some official warning for overcome such a situation. Rising sea level may be an indicator for this so move to safer location. Dont take self conclusion that the difficult situation is over wait for official warning.*

*ARHANA*

## ഉച്ച നേരത്തെ കാറ്റ് പറഞ്ഞത്

*ഞാനൊരു തെമ്മാടി കുട്ടിയാണെന്നമ്മ*
*എന്തിനേ ചൊല്ലി വിഷമിപ്പിച്ചേ?*
*ഞാൻ വെറും പാവമാ എന്നാലും*
*പോകുവാ പോകുവാ ദൂരെ ദൂരെ എങ്ങോ*
*കുന്നിൻ ഉയർച്ചയിലേക്കോടി പോയവൾ*
*നിശ്ചയം ഉച്ചനേരത്തുതന്നെ*
*പിന്നെയൊട്ടും വൈകിയില്ലവൾ*
*കൈകൾ ചുണ്ടിനോട് ചേർത്തു മൂടിപ്പറഞ്ഞു*
*അമ്മേ ഞാൻ പോകുവാ പോകുവാ*
*ദൂരെ ആർക്കും എത്താത്തൊരു ജഗത്തിലേക്ക്*
*അപ്പോൾ ഓടിക്കിതച്ചു വന്നു ആ മാരുതനും*
*അവളുടെ കാതിനോട് മെല്ലെ പറഞ്ഞു*
*നീയൊരു നല്ലവളാണും താനും*
*ഇല്ല ഞാനൊരു നല്ലവളല്ല*
*എൻ മാതാ തന്നെ പറഞ്ഞതല്ലേ*

*സംശയമാണെകിൽ എന്നെ പിരിഞ്ഞ്*
*ആ കുന്നിനോട് പോയ് ചോതിക്കു,പെണ്ണേ*
*ഞാനൊരു നല്ലവളാണോ കുന്നേ?*
*അപ്പോൾ വന്ന പെട്ടെന്ന തന്നെ സ്വരം*
*നീ തന്നെയാണൊരു നല്ലകുട്ടി*
*പെട്ടെന്ന് കാറ്റും സൂര്യനും തുമ്പിയും*
*അവൾക്കായ് കാട്ടിത്തൻ വീടിൻ വഴി*
*ഓടി കിതച്ചവൾ പോയി,തൻ മാതാവിനെ*
*പുണർന്നുമെല്ലെ*
*എൻ പിണക്കമെല്ലാം -മാറി*
*ഇപ്പോൾ എൻ അമ്മ എന്നടെ കൂട്ടുകാരി*
*ഞാനൊരു വഴികാട്ടി ആണും താനും മോളെ*
*നീയെൻ പൊന്നോമനയും താനും*
*തെറ്റ് കണ്ടാൽ ഞാൻ ശിക്ഷിക്കും ഓമനേ*
*നീയൊരു നല്ല കുട്ടിയുമല്ലേ*
*ജനനി നിയോഗത്തെ പാലിക്കും കിടാങ്ങൾക്ക്*

*ഐശ്വര്യം എന്നും ചാർത്തുമല്ലോ*
*ദൈവത്തിൻ ഐശ്വര്യമുത്താണൊരമ്മ*
*സ്നേഹിക്കുവിൻ നമ്മുടെ അമ്മയേയും*
*ഇതുകണ്ട കാറ്റും, സൂര്യനും, തുമ്പിയും*
*മെല്ലെ ചിരിച്ച്കൊണ്ടാടി മറഞ്ഞു*

*IRFAN*

# <u>കണ്ണീർ ചാലുകൾ</u>

എൻ അന്തരംഗം എന്തിനോ
മൗനത്തിനായിതാ കാത്തുനിൽപ്പൂ
മൗനമെന്തിനോ എന്നെയൊരു
സർപ്പത്തെയെന്നപോലെ വിഴുങ്ങിടുന്നു
മൗനമൊന്ന് മുറിച്ച് കടക്കുവാൻ
ഞാൻ കൊതിച്ച ദിനങ്ങളെത്ര
തരിമോ നിൻ മൗനത്തിൻ ഹേതു
മാനുഷ്യ കർമ്മമോ
തരുക്കൾ പോലും എന്തിനോ
മൗനം നടിച്ചു
ആ നടന വേതിയിലോ ഞാൻ ഇതാ
നീറി നീറി
മൗനം മുറിക്കുന്ന നേരമോ നീ
എന്തിനോ പിഞ്ചിരി വിരിഞ്ഞു
ആ പുഞ്ചിരി തൻ സൗന്ദര്യത്തിൽ

ഞാനുമിതാ ലയിച്ചിടുന്നു.
നീ എന്തിനിതാ മൂകയായ്
നിൻ കണ്ണീർ എന്തിനോ
തുളുമ്പിടുന്നു.
നിൻ കണ്ണീർ ചാലുകൾ
സീചിപോലെ തറച്ചിടുന്നു.
തരുമോ നീ ഒടുവിലോ മൗനം
നടിച്ചെന്തിനോ ഒടുവിവോ മൗനം
നടിച്ചെന്തിനോ കുൻകുമം പീശി
നിൻ തളിരിലകൾ പൊഴിഞ്ഞു
നീങ്ങിയ നേരമോ നീ
എന്തിനോ മൗനം നടിച്ചു
നിൻ നെറ്റിത്തടത്തിലേ കുൻകുമം
മാഞ്ഞ നേരവും നീ എന്തിനോ
കണ്ണീർ പൊഴിച്ചു
ആ കണ്ണീർ എന്തിനെന്ന്

ഞാനമിതാ ചിന്തിച്ച നിൽപ്പ
തരുമേ നിൻ മൗനം നീ
മുറിച്ച നീങ്ങും
നിൻ മൗനമിനി മീ എന്തു
നീന്തിക്കടക്കുമെന്ന് വാചാലയായ്
ഞാനമിതാ നോക്കിനിൽപ്പൂ

*NANDU*

# ഒറ്റപ്പെട്ട പെൺ കുട്ടി

ഒരിടത്തൊരു പാവപ്പെട്ട ഒരു പെൺകുട്ടി താമസിച്ചിരുന്നു.അവൾക്കു നാലു വയസ്സുള്ളപ്പോൾ അവളുടെ അമ്മ മരണപ്പെട്ടു.പിന്നെ അവളെ നോക്കി വളർത്തിയത് അവളുടെ അച്ചഛനും രണ്ടാനമ്മയുമാണ്.നാലു വയസ്സുവരെ അവളുടെ ജീവിതത്തിൽ സന്തോഷം മാത്രമായിരുന്നു.

*അവളുടെ രണ്ടാനമ്മ വളരെ ക്രൂരതയും കണ്ണിൽചോരയുമില്ലാത്തവളായിരുന്നു. ആരെന്ത് ചോദിച്ചാലും ഒന്നുമിണ്ടാതെ മൗനത്തിലായിരുന്നു. അവളുടെ അച്ഛൻ മൂന്ന് മാസത്തിലൊരിക്കലാണ് വരാറ്. എന്നാലപ്പോൾ മൂന്ന് മാസം കഴിഞ്ഞുഒറ്റപ്പെട്ട പെൺ കുട്ടി. നാലാം മാസം ആയല്ലോ, അച്ഛൻ വരുന്നതൊന്നും കാണുന്നില്ലല്ലോ, എന്തു പറ്റിയാവോ. അപ്പോൾ അതാ അവളുടെ അച്ഛൻ കൈയി നിറയെ സമ്മാനവുമായി അവളുടെ അടുത്തേക്ക് വന്നു. ഇത് കണ്ടതും അവൾ അച്ഛന്റെ അടുക്കലെത്തി.*

*പക്ഷേ അവളൊന്നും മിണ്ടിയില്ല.*

*അവൾക്ക് പേടിയായിരുന്നു. അമ്മയുടെ മരണത്തോടെ അവൾ ആകെ തളർന്നു.*

*കുറച്ചുകാലം കഴിഞ്ഞു. അവളുടെ അച്ഛൻ അസുഖം ബാധിച്ച് കിടപ്പിലാണ്. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അവളുടെ അച്ഛൻ മരണപ്പെട്ടു. അങ്ങനെ അവൾ ഒറ്റയ്ക്കായി. പിന്നെ ഒരു മുറിയിൽ അവളാരും ഇല്ലാത്തതുപോലെ ആരോടും മിണ്ടാതെ മൗനം പോലെ കഴിഞ്ഞു.*

*പിന്നെ അവളുടെ ജീവിതത്തിൽ മൗനം മാത്രം. അവൾ പുഞ്ചിരിക്കുന്നത് ആരും ഇതുവരെ കണ്ടിട്ടില്ല. മൗനം മാത്രമായിരുന്നു.*

*അവൾ ആഴ്ചയിൽ ഒരിക്കൽ അവളുടെ അമ്മയേയും അച്ഛന്റേയും അടുത്ത് പോയി പ്രാർത്ഥിക്കും. ഈ കാര്യത്തിന് മാത്രമേ അവൾ പുറത്ത് പോകാറുള്ളൂ. പിന്നെ എപ്പോൾ നോക്കിയാലും അവൾ ഒരു റൂമിലേ കട്ടിലിന്റെ മൂലയ്ക്ക് പോയിരിക്കും. എന്തെങ്കിലും ഒക്കെ ആലോചിച്ച് കൂട്ടും. അവൾക്ക് ഒറ്റയ്ക്ക് ഇരിക്കാനാണ് ഏറെ ഇഷ്ടം. അവളുടെ അമ്മയുടെയും അച്ഛന്റെയും മരണമവൾക്ക് വളരെയധികം തളർച്ചയായിരുന്നു. അതിനുശേഷം അവൾക്ക് ഒന്നും ഇഷ്ടമായിരുന്നില്ല. എങ്കിലും അവളുടെ മനസ്സിൽ സ്നേഹമുണ്ടായിരുന്നതാണ് സത്യം.*

## *മഴ പറഞ്ഞത്*

ഒരു നാൾ വൈകി മഴ
പെയ്തുതുടങ്ങി,മഴക്കാലവും
തുടങ്ങിയെന്നെ-
നിക്ക് ഉറപ്പായി ഞാൻ
മഴയോട് ചോദിച്ചു?
എന്തെ നീ വൈകിയെത്തി
അപ്പോൾ അതെന്നെ
ഓർമ്മിപ്പിച്ചു,മനുഷ്യനാണ്
കാരണക്കാരൻ,മനുഷ്യന്റെ
ഓരോ ചെയ്തികളാൽ ഞാ-
ൻ പല തരത്തിലും
വില്ലനാകുന്നു

അതാണ് കുഞ്ഞേ ഒരു
നാൾ വൈകി ഞാൻ നിങ്ങ-
ളുടെ മേൽ പെയ്തിറങ്ങുന്നത്
എന്റെ പൊന്നുമോനെ
നിന്നെ പോലെ നിഷ്കളങ്കരെ
*ഉപദ്രവിക്കണമെന്നെനിക്കില്ല..*



# മഴ പറഞ്ഞത് ?

ഒരു കുന്നിൻ മുകളിലെ മാമരചില്ലയിൽ..
കുഞ്ഞിക്കിളിയൊന്നുണർന്നു പാടി..
താഴെ അരുവിതൻ ഓരൊരൊത്തൊരായിരം -
പൂവിരിഞ്ഞു..
പൂവിൻ നിറമെല്ലാം മഞ്ഞയാണെ..
പൂക്കളിൻ സുഗന്ധം പരന്നു നീളെ
അംബരത്തിൽ നിന്നു വന്നു
ദേശാടന പക്ഷികൾ കണ്ടു നിൽക്കേ..
പെട്ടന്നൊരാ സുപ്രഭാതത്തിൽ
പൊട്ടിതകർന്നു എല്ലാം..
കണ്ണീർ തടങ്ങൾ ബാക്കിയാക്കി..
ഇടിയുടെ മുരണ്ട ശബ്ദവും
മഴയുടെ തീവ്രമായ കാറ്റും..
നൂറുകണക്കിന് മനുഷ്യഗണങ്ങളെ..
വേരോടെ പിഴുതെറിഞ്ഞുവല്ലോ...?
പ്രഭാതത്തിൻ മൂടൽ മഞ്ഞിലൂടെ
കൊച്ചു സൂര്യനുദിച്ചു നിൽക്കേ..

*കാർമേഘങ്ങൾ ഇരുണ്ടു കിടക്കേ..*

*മഴ വന്നാരാഞ്ഞുവല്ലോ..*
*നിന്റെ ക്രൂരതകൾ അവസാനിപ്പിക്കുവിൻ...*
*നിന്റെ തിന്മകൾ നശിപ്പിക്കുവിൻ ..*
*വൃക്ഷലദാതികളെ മാറോട് ചേർത്ത്*
*ഒരു നേരത്തെ ദാഹം ശമിപ്പിക്കുവിൻ..*
*വെള്ളത്തെ നിങ്ങൾ നേടീടുവിൻ..*
*പൂവിട്ട് ചെന്തളിർ വന്നു നിന്ന -*
*പുഷ്പത്തിൻ*
*ചിത്ര ശലഭങ്ങൾ വന്നിരിക്കേ..*
*വസന്തക്കാലവും കർക്കിടകമാസവും*
*കടന്നുപോകവെ..*
*കത്തിയെരിയുന്ന കനത്ത ചൂടിൻ*
*പൂവാകെ വാടി നിന്നുവല്ലോ..*
*ഒരു കൊച്ചുമഴയ്ക്കായ് കാത്തിരുന്ന*
*പൂവിനിലകളെല്ലാം ഉണങ്ങിക്കരിഞ്ഞപ്പോൾ..*
*ആ പുഷ്പമാകെ നിലവിളിച്ചു*

*എന്റെ കരച്ചിൽ കേൾക്കാൻ ആരുമില്ലേ..?*
*എന്റെ ദുഃഖം കാണുവാനാരുമില്ലേ..?*
*എന്ന് മൊഴിഞ്ഞു പൂവ് മഴയോട് ചോദിച്ചു..*
*ഇനിയുമെന്തിന് മഴയെ നീ എന്നെ -*
*യിങ്ങനെ ഉപദ്രവിക്കുന്നത്..?*
*മഴയേ നീ ചൊരിഞ്ഞെ തീരു..*
*മഴയേ നീ പെയ്തു അടങ്ങൂ..*
*കാർമേഘങ്ങൾക്കിടയിലൂടെ*
*മഴയങ്ങു വന്നു നിന്നു ആ...*
*പുഷ്പത്തിൻ നേരെ നോക്കിപറഞ്ഞു..*
*മനുഷ്യനെന്തിനു വൃക്ഷങ്ങളെ*
*നശിപ്പിക്കുന്നു...?*
*മനുഷ്യനെന്തിനു പ്രകൃതിയേ*
*നശിപ്പിക്കുന്നു..?*
*മലയും മേട്ടും മരതകക്കാട്ടും നിറഞ്ഞിരുന്ന*

*ഈ ഭൂമിയെ എന്തിനു ഉപദ്രവിച്ചു..?*
*മനുഷ്യന്റെ ഈ ക്രൂരതകൾ അടങ്ങാതെ*
*മനുഷ്യന്റെ ഈ കൊടും പാപം ശമിക്കാതെ ..*
*ഞാനീ ഭൂമിയിൽ എങ്ങനെ പ്രവേശിക്കും -*
*പൂവേ..?*
*എന്നോട് നീ പറയൂ..*
*ഞാനെങ്ങനെ ഈ ഭൂമിയിൽ പ്രവേശിക്കും.*
*ANAINA*
*..?*

## മൗനമെടുത്ത ജീവനുകൾ

മഞ്ഞുവിരിഞ്ഞ താഴ്വരയിൽ അവനും അവളും
മാത്രം. അവർ കൈകൾ തൊട്ടൊരുമി
നടക്കുന്നു. നിറയെ പൂക്കളും കായ്കളും എവിടെ
നോക്കിയാലും പച്ച നിറഞ്ഞ നിറം മാത്രം. അവർ
അവിടെ ഏകയായ് നടക്കുന്നു. എന്തോ പറയാനുണ്ട്
ഇരുവർക്കും പക്ഷെ മൗനം അവരെ
പിടിച്ചുലയ്ക്കുന്നു. നടന്ന് നടന്ന് ഗംഗ നദിയുടെ
അടുത്തെത്തി. അവൾ അവനെ നോക്കി ഇവിടെ
ഇരുന്ന് നീ നിന്റെ മനസ്സു തുറക്ക്, എന്നോട് പറ. എന്ന്
അവൾ അവളുടെ കണ്ണുകളിലൂടെ പറഞ്ഞു. പുഴയുടെ
കളകളനാദം. നല്ല തെളിഞ്ഞ പതപ്പോലെ ഒഴുകി
വരുന്നു. പുഴയുടെ കുളിർമ അവരെ
ആഹ്ലാദിപ്പിച്ചു. കുമാർ എന്തോ പറയാൻ വിതുമ്പി. ഗംഗ
എന്താ എന്നു ചോദിച്ചു. ഗംഗയുടെ നിശ്ചയമാണ്
അടുത്ത ബുധന്. അച്ഛനും വീട്ടുകാരും ഏതാണ്ട്
ഉറപ്പിച്ച മട്ടാണ്. അവർ അത് സംസാരിക്കാനാണ്

വന്നത്. അവർക്ക് അവരുടെ ഉള്ളിന്റെ ഉള്ളിൽ
ഇഷ്ടമാണ് ഇരുവർക്കും.
പക്ഷെ രണ്ടുപേരും പറയുന്നില്ല. അങ്ങനെ ഗംഗ തന്നെ
ആദ്യം തുടക്കം കുറിച്ചു. നിനക്ക് എന്നോട് പറയാൻ
ഒന്നുമില്ലേ..? കുമാർ തല താഴ്ത്തി . ഒന്നും
മിണ്ടിയില്ല. ഗംഗ ഗൗരവത്തോടെ പറഞ്ഞു. എന്റെ
നിശ്ചയമാണ് ഇത് കേട്ടിട്ട് നിനക്കൊന്നും... കുമാർ
അപ്പോഴും ഒന്നും മിണ്ടിയില്ല. ഗംഗ കരയാൻ
തുടങ്ങി. എന്നിട്ടും കുമാറിന് ഒരു അനക്കവും ഇല്ല. ഒന്നും
മിണ്ടാതെ ഇരുവരും വീട്ടിലേക്ക് തിരിച്ചു. പിന്നെ
കുമാർ കുറെ വട്ടം ഗംഗയുടെ ഫോണിലേക്ക്
വിളിച്ചു. പക്ഷെ അവൾ എടുത്തില്ല. അങ്ങനെ
ഗംഗയുടെ നിശ്ചയം കഴിഞ്ഞു. കല്ല്യാണം
ഉടനെ, അടുത്ത മാസം. കുമാർ കൂട്ടുകാരി വഴി
അറിയുന്നു. എന്നാൽ ഗംഗയുടെ ഒരു വിവരവും
അറിയുന്നില്ല. കുമാറിന് അവളോട് എന്തോ പറയാൻ
ഉണ്ടായിരുന്നു. പക്ഷെ അവൾ ഫോൺ
എടുക്കുന്നില്ല. കുമാർ അവന്റെ മനസ്സിലുള്ള അവന്റെ

ഇഷ്ടം ഗംഗയുടെ മുമ്പിൽ എങ്ങനെയെങ്കിലും പറയാൻ തീരുമാനിച്ചു.
അവളുടെ അച്ഛൻ ഒരു പിടിവാശിക്കാരനാണ്.
അതുകൊണ്ടാണ് കല്ല്യാണം അടുത്ത മാസത്തേക്ക് വച്ചത്. ഗംഗയുടെ ചേച്ചി ശ്രീലക്ഷ്മിക്ക് അവളുടെ കോളേജിലുള്ള ഒരുവനുമായി പ്രണയം.
*MEGHANA*




# ഉപ്പിൻ രസം നിറഞ്ഞ കാറ്റ്

ഉച്ചവെയിലത്തെ കാറ്റ് പറഞ്ഞത്
പൊള്ളയായ വെറും വാക്കുകളല്ല
ഉച്ചയിൽ സൂര്യൻ ഉദിച്ചുനിൽക്കുമ്പോഴും
വാക്കുകൾക്കെല്ലാം ഉപ്പിൻ രസമാണ്
ഉച്ചയ്ക്ക് വെയിലത്ത് നിൽക്കുന്ന അച്ഛന്റെ
നേരേ വീശിയ കാറ്റിന്റെ സുഗന്ധം
ഉപ്പുകലർന്ന വരണ്ടു..
ആ കാറ്റ് മറുതീരം തേടിയലഞ്ഞു..
സ്കൂളിന്റെ മുറ്റത്ത് കൂട്ടുകാർക്കൊപ്പം നിന്നെന്നുടെ
ഇതളടർന്ന കാർകൂന്തലിഴകളെ
തൊട്ടുതലോടി തഴുകിയാക്കാറ്റഞ്ഞടിച്ചു
ആ കാറ്റ് മഴയായ് എന്നുടെ നേരേ പെയ്തൊഴിഞ്ഞു
അച്ഛന്റെ ഉപ്പിൻ രസം നിറഞ്ഞകാറ്റ്
എന്നുടെ മേനിയെ തുളച്ചിറങ്ങി
അപ്പോളറിഞ്ഞുഞാൻ അച്ഛന്റെ ഗന്ധവും
വെയിലത്തെ അച്ഛന്റെ കഷ്ടപ്പാടും

കാറ്റുമൊഴിഞ്ഞയിക്കാര്യം ഞാൻ
ഓർത്തോർത്തുമെപ്പോഴും പൊട്ടികരഞ്ഞിരുന്നു
ഉപ്പിൻ രസമുള്ള അച്ഛന്റെ സാന്ത്വനം
കൂടാതെ ഉച്ചയിൽ തൊട്ടുതലോടിയ കാര്യവും
ഓർത്തപ്പോൾ കാറ്റുപറഞ്ഞതു
ഞാനങ്ങുമറന്നുപ്പോയി
ഇന്നച്ഛനെന്നുടെ കൂടെയില്ലായെന്നിരിക്കിലും
അച്ഛന്റെ ഓർമ്മകൾ കൂടെയുണ്ട്
അച്ഛന്റെ ഉപ്പിൻ രസമുള്ള കാറ്റിതാണിന്നും അച്ഛൻ തൻ
തലോടലായി ആഞ്ഞടിച്ചീടുന്നു..

**MALAVIKA**


colatraynor

# Is Kerala’s Flood Man Made Disaster Or Natural

## Introduction

Nature it is the precious gift of god.He give it to protect and preserve for the future generations.The famous malayalam poet O.N.V Kurup’s renowning lines about nature.After all the cruelty of man to nature,The earth or the nature is now also existing.It does not give a even a small reaction against this.

## Flood In Kerala

Kerala which is a beautiful land and was also known as “Gods Own Country”.Even no one think that such a flood will cover the whole kerala.It is one of the biggest flood which kerala overcome.In 2018 we faced the great flood.But as its continuation 2019 also kerala faced the same flood.

Reason For Flood

This mainly because of the unscientific activities of man towards.The man simply cutting the trees for their profit one needs.Throwing of plastics and other wastes towards the surroundings and to oceans,seas etc... Levelling of paddy fields,hill and so on.The man is very cruel to nature now a days.Why,for what purpose.There will no answer for these question.Our nature is our mother,don't destroy it.It is the words that we heard from our childhood itself.

The flood, that we can say it as the reaction of the nature for every cruelties to she.Without getting the love and care of human beings to it,nature become highly angry are returned it in the form of a great flood.

Our Nature

Nature also talk to as in different ways. But we don't keep our ear open for hearing the beautiful words of nature. In olden days there

were poets and other human beings very friendly to our nature.
They do not harm to nature.They were friendly to nature. When generations coming the coming,culture also disappearing on day by day.The people in this generation was very cruel to nature.They don’t know the beauty of nature.Because majority of them in listening medias.Nature also talks in different ways.We should listen it.

In Poet’s Vision

In the poem “Lines written in early spring” the poet was glad of the blended notes of nature when he was sitting in the beautiful garden.But in poem the poet says that

“What man has made of man”

This is the only words that what happening in now a day.Poet become very sad of what “man has made of man”.While he was declining in the garden he have a reason for sad is this.In whole of this poem he tolding about the nature’s situation

in the time of our forefathers and in this twenty first century.

## Through the vision of nature or reason of flood by great thinkers

From the life of Gandhiji's a listen we understood that he was nature friendly man.He never give a pain to even a small creature itself.He consider all as his family members.

The mostly all of them were friendly to nature ,who are of great thinkers and writers.Jawaharlal Nehru's famous book "A Letter written by a father to his daughter".In that book he describes the heavenly beauty of nature to his daughter.Every writer describes about the nature in their writings.

## Kerala flood and its causes

Kerala's  flood is a very great disaster.By this flood many people's lost their life.Many of them lost houses and other equipments.And it was a

great lose in Keralates life.
But it teaches a great lesson to all human beings that be protect nature and also teached that those who held in high east or even rich and for poor the condition should be same.

We never think Kerala want to face such a critical situation after 1924.It was the large flood which Kerala faced before.This flood unified the mind of Keralites.Made them to thinking other way.


## Conclusion

Be friendly to nature.For the voice of nature a great example is the flood faced by Keralites.It is a man made disaster but there is a small role to natural disaster.Just thinks that What Man Has Made Of Man.

ANAMIKA



ANEESHA SHERIN



***AMITH RAJENDRAN***



# മഴ പറഞ്ഞത്

പൊള്ളുന്ന ചൂട് മനുഷ്യനെ ബാധിച്ചു
മനുഷ്യൻ ഒരു തുള്ളി വെള്ളം കേണു
മഴയിതാ മുറ്റത്തു തുള്ളിയായ് വീഴുന്നു
മാനവൻറാഗ്രഹം ഫലമായ്ത്തീർന്നു
കാലങ്ങളോരോന്നായ് കൊഴിയും തോറും
മാനവന്നാവശ്യം വർദ്ധിച്ചു വന്നു
മനുജൻ തൻ പാപങ്ങൾ പൊറുത്തു കൊണ്ടു
മാരിയോ മനുഷ്യന് തുണയായ് നിന്നു
എൻകിലും മനുജൻ തന്നാഗ്രഹം സാധിക്കാൻ വേണ്ടി
പടുത്തുയർത്തി കൂറ്റൻ കെട്ടിടം
മാലിന്യം കൊണ്ട് മനുഷ്യൻ വീണ്ടും
തൻ മണ്ണിനെ, ഫലഭ്രയിഷ്ട മണ്ണിനെ
വീർപ്പു മുട്ടിച്ചു കൊന്നു
മാരി തൻ കോപം ജ്വലിച്ചു തുടങ്ങി
അതിനാൽ മാരി തൻ കോപം ജ്വലിച്ചു തുടങ്ങി
മാരി തൻ കണ്ണീർ തുടർന്നേയിരുന്നു
നീരിനു ചലിക്കാൻ ഇടമില്ലാതായി

*പുഴകൾ കവിഞ്ഞു,*

*തോടുകൾ കവിഞ്ഞു*

*സാഗരം കവിഞ്ഞുവെൻകിലും*

*മാരി തൻ കണ്ണീർ തുടർന്നേയിരുന്നു.*

*മനുജനും വീടും ഒന്നൊന്നായ് വീണു*

*മലകളിടിഞ്ഞു, പാറകൾ പൊടിഞ്ഞു*

*മാരി തൻ കണ്ണീർ തുടർന്നേയിരുന്നു*

*വീണ്ടുവിചാരം അവനെ ഉണർത്തി*

*അവൻ വീണ്ടും കേണു കരഞ്ഞു*

*"മാരിയേ എന്നോടെന്താണിങ്ങനെ?"*

*മഴ തൻ മറുപടി ഇത്തിരിയല്ല*

*"നിനക്കൊന്നുമറിയില്ലേ മനുജാ, കുറ്റൻ*

*കെട്ടിടം പടുത്തുയർത്തി എൻ മണ്ണിനെ*

*എന്നമ്മയെ മാലിന്യത്താൽ നീ വീർപ്പിച്ചു മുട്ടിച്ചു*

*നീ പടിക്കണം, നീ പടിക്കണം*

*മാനവരാശി പടിച്ചേ തീരൂ"*



## മഴ അപ്പോഴും തോർന്നിരുന്നില്ല

*ടിം..ടിം.. കണ്ടക്ടർ മണിയടിച്ചു. ദേ കണ്ണൂർ എത്തി. ഇറങ്ങുന്നില്ലേ. കണ്ടക്ടർ ആ വൃദ്ധയെ തട്ടിവിളിക്കുകയാണ് മയക്കത്തിൽ നിന്നുണർന്ന ആ പടുവൃദ്ധ വേച്ചുവേച്ച് ബസ്സ് പടിയിറങ്ങി. ഒരു കല്ല് തട്ടി വീഴാൻ പോവുകയായിരുന്നു ആ അമ്മ. ഒരു താങ്ങായി രാമു അവരെ പിടിച്ചു. എണ്ണമയമില്ലാത്ത മുടി, വേച്ചുവേച്ചുള്ള നടപ്പ്, എങ്ങോട്ടുപോവുകയാണ് ? രാമു ചോദിച്ചു, മറുപടിയില്ല. അമ്മ എവിടെ നിന്നാണ്? അവൻ വീണ്ടും ചോദിച്ചു. മൗനം പാലിക്കുന്ന ആ അമ്മയുടെ പക്കലിൽ മറുപടിയില്ല. ടിം..ടിം രാമനുവിന് പോകാനുള്ള ബസ്സ് എത്തി. ജോലി സബന്ധമായ ഒരു അത്യാവശ്യ കാര്യത്തിന് പോവുകയാണ് രാമു. അവൻ തിരിഞ്ഞ് നടക്കാൻ ഭാവിച്ചു. പുറകിൽ നിന്നാരോ തന്നെ പിടിക്കുന്നതായി അവന് തോന്നി. അവൻ സഹായിച്ച ആ അമ്മയായിരുന്നു.*

അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അയ്യോ അമ്മ എന്തിനാണ് കരയുന്നത്? അവൻ ചോദിച്ചു. തേങ്ങിതേങ്ങി കരയുന്ന ആ അമ്മയ്ക്ക് മറുപടി ഇല്ലായിരുന്നു. ദാമുവിന് പോകാനുള്ള ബസ് ഈ സമയം കൊണ്ട് പോയി കഴിഞ്ഞിരുന്നു. ഏതായാലും തനിക്ക് പോകാനുള്ള ബസ്സ് പോയി, ഇനി എന്തായാലും അടുത്ത ബസ്സിനുവേണ്ടി കാത്തിരിക്കണം. ദാമു പിറുപിറുത്തു. ആ സമയത്താണ് ആ വൃദ്ധയെ കുറിച്ചോർത്തത്. എന്തുക്കൊണ്ടെന്നറിയില്ല, ആ അമ്മയെ കുറിച്ചറിയാൻ ബസ് സ്റ്റാന്റിലേക്ക് തിരികെ നടന്നു. ആകാംക്ഷയിലാണ്ട ദാമു ആ അമ്മയെ വീണ്ടും കണ്ടു. അവൻ തന്റെ ചോദ്യങ്ങൾ വീണ്ടും തുടങ്ങി. അമ്മയുടെ പേരെന്താ? ദാമു ചോദിച്ചു. സരസ്വതി. വൃദ്ധയുടെ മറുപടി. അവരോന്തൊക്കെയോ പറയാന്

ശ്രമിച്ചു. ഞാന് അങ്ങ് നീലേശ്വരത്ത് നിന്നാണ്. എവിടേക്കാ പോകേണ്ടതെന്ന് എനിക്കറിയില്ല. ആ അമ്മ വിശദീകരിച്ചു. അന്നയുടെ മക്കള്? ദാനു ചോദിച്ചു. മക്കള്......മക്കള്.....ആ അമ്മയുടെ കണ്ണുകള് നിറഞ്ഞിരുന്നു.അവര് വീണ്ടും വിശദീകരിക്കാന് തുടങ്ങി. മക്കള് എന്നെ ഉപേക്ഷിച്ചതാണ്.നാല് മക്കളാണ്. അവരുടെയെല്ലാം കല്ല്യാണം കഴിഞ്ഞതാണ്.അവരുടെ അച്ഛന് മരിച്ച ശേഷം അവര്ക്കും അവരുടെ ഭാര്യമാര്ക്കും ഞാനൊരു ഭാരമായി. ......തേങ്ങിതേങ്ങിക്കൊണ്ട് അവര് വീണ്ടും പറയാന് തുടങ്ങി. ഒരു ദിവസം എന്റെ മൂത്ത മരുമകള് എന്റെ മകനോട് പറയുകയുണ്ടായി......ഞാന് അവള്ക്കൊരു ഭാരമാണെന്നും അവരുടെ ദാമ്പത്തിക ജീവിതത്തിൽ ഞാനൊരു വിലങ്ങുതടിയാണെന്നും.ഇതു കേട്ട ഞാനന്നൊരു തീരുമാനമെടുത്തു. ഞാനിനി അവര് ക്കൊരു ബുദ്ധിമുട്ടാകില്ല.അന്ന് വീടുവിട്ടിറങ്ങിയതാണു

*ഞാന്. എന്തിനാ ഞാന് മറ്റുള്ളവരുടെ ജീവിതം തകര്ക്കുന്നത്.*

*അങ്ങനെയല്ലമ്മേ, മക്കളള്ക്കാണ് പൂര്ണ്ണ ഉത്തരവാദിത്വം അമ്മയെ പരിപാലിക്കാന്. ദാമു അവരെ മനസ്സിലാക്കാന് ശ്രമിച്ചു.ആട്ടേ അമ്മ എന്തെകിലു കഴിച്ചിരുന്നോ?ഇല്ല. അമ്മയുടെ മറുപടി.അവരുടെ കയ്യും പിടിച്ച് ബസ്സ് സ്റ്റാന്റിനരികിലുള്ള ചായക്കടയിലേക്ക് കൊണ്ടുപോയി. അമ്മക്കെന്താണ് വേണ്ടത്? ദാമു ചോദിച്ചു. അന്ന മൗനം പാലിച്ചു.ദാമുനിന് മറുപടിയില്ലെന്ന് മനസ്സിലായി. അവന് ചായക്കടക്കാരനോട് രണ്ട് ചായയും രണ്ട് ഉള്ളിവടയും ആവശ്യപ്പെട്ടു. അവര്‍ ഒന്നും മിണ്ടാതെ ചായ ഊതിക്കുടിച്ചു. ചായ കുടിച്ചതിനു ശേഷം അവര്‍ ഇരുവരും ബസ്സ്*

*സ്റ്റാന്റിലെത്തി. അമ്മയുടെ മക്കളുടെ പേരും വിലാസവും തന്നിരുന്നെകില്‍ എനിക്ക് അവരെ വിളിച്ച് കാര്യം അറിയിയിക്കാമായിരുന്നു. ദാമു വിവരങ്ങള് അന്വേഷിച്ചു. എന്തിനാ*

വെറുതേ.......അവരെ വിളിച്ചു പറഞ്ഞിട്ടൊരു കാര്യവുമില്ല. അവര് എന്നെ എന്നേ ഉപേക്ഷിച്ചു. അപ്പോള് ദാമു ആലോചനയിലാണ്ടു.
അവന് മുമ്പോട്ടും പിന്നോട്ടും നടന്ന് ആലോചിച്ചു. പെട്ടെന്ന് അവൻ തന്റെ കയ്യിലിരുന്ന ഫോണെടുത്തു. അവൻ അതിൽ എന്തൊക്കെയോ പറയാൻ തുടങ്ങി. എല്ലാവരുടേയും ശ്രദ്ധക്ക്. എന്റെ പേര് ദാമു. ഞാൻ നിൽകുന്നത് ഇവിടെ കണ്ണൂർ ബസ് സര്റാന്റിലാണ് നിൽക്കുന്നത്. എന്റെയടുത്തൊരമ്മയുണ്ട്. പേര് സരസ്വതി. നീലേശ്വരത്തുനിന്നാണ്. ആ അമ്മയുടെ മക്കൾ അവരെ ഉപേക്ഷിച്ചതാണ്. നിങ്ങൾക്കാർക്കെകിലും അറിയാമെകിൽ ബന്തപ്പെടുക. അങ്ങനെ ലൈവ് ഇട്ടു. അത് വൈറലായി. അത് കണ്ടവർ ആ വൃദ്ധയുടെ അടുത്തെത്തി. പോലീസും പിറകെ അവരുടെ മക്കളും എത്തി. മക്കളാണോ അമ്മയെ ഉപേക്ഷിച്ചതെന്ന ചോദ്യത്തിന് അല്ല...അല്ല..എന്നെ ഉപേക്ഷിച്ചതല്ല. എനിക്ക് ചെറിയ മറവിരോകമുണ്ട്. അതുകൊണ്ടാ ഞാന്.....

കേസു ചാര്ജാക്കാതെ പോലീസുകാര് തിരിച്ചു.
ണക്കളും അമ്മയോടൊരുവാക്കുപോലും മിണ്ടാതെ
തിരിച്ചു പോയി. തന്റെ മക്കളെ അമ്മ രക്ഷിച്ചതാണ്
അമ്മ...അല്ലേ?പക്ഷെ അമ്മയുടെ സ്നേഹം അവര്
തിരിച്ചറിഞ്ഞില്ല. ദാമു വിങ്ങലോടെ പറയാന് ശ്രമിച്ചു.
സാരമില്ലമ്മേ.....സാരമില്ലാ. അമ്മയുടെ സ്നേഹദ
ഒരു നാള് അവര് തിരിച്ചറിയും. ദാമു തിരിച്ചി നടന്നു.
എന്നാൽ നിറഞ്ഞ കണ്ണുകളോടെ വിങ്ങിക്കരയുന്ന
ആ അമ്മയോട് സ്നേഹവാത്സല്യത്തോടെ പറഞ്ഞു.
അമ്മക്കു ഞാനുണ്ട്. അമ്മ എന്റെ കൂടെ
പോരൂ...അവിടെ അമ്മ സുരക്ഷിതയാണ്. ഞാന്
അമ്മയെ പൊന്നു പോലെ നോക്കാം.
ടിം....ടിം....ബസ്സ് കണ്ടക്ടര് അപ്പോഴും
മണിയടിക്കുന്നുണ്ടായിരുന്നു.

# വസന്തം മാഞ്ഞ വഴി

അന്നും രാജാസ് കോളേജിന്റെ ഗേറ്റ് ഒരു ഇരമ്പലോടെ തന്നെ തുറന്നു.ഇന്ന് പുതിയ പിള്ളേര് വരും.പ്രിൻസിപ്പാൾ ദേവൻ സാറിനോട് പറഞ്ഞു.അതെയതെ ഇന്ന് ഇവിടെ എന്തെങ്കിലും നടക്കും.രാഹുലും കൂട്ടരും സീനിയേഴ്സല്ലേ.പിള്ളേരെ പൊരിക്കും.ദേവൻ സാറിന്റെ മറുപടിയിൽ തന്നെ രാഹുലും കൂട്ടരും വിശ്വരൂപം വെളിവായി.ആരെയും എന്തുചെയ്യാൻ മടിയില്ലാത്തവനൻ.അവർ പ്രധാന കവാടത്തിൽ തന്നെ ഉണ്ടായിരുന്നു.വന്നവരെയെല്ലാം റാക് ചെയ്തു.മര്യാദയോടെ വന്നവരെയെല്ലാം നൃത്തം ചെയ്യാൻ ആവശ്യപ്പെട്ടു.എന്ത് ചെയ്താലും അവർക്ക് എതിരെ ആരൊക്കെ പരാധി നൽകിയാലും ഒന്നും വിലപ്പോവില്ല.കാരണം രാഹുൽ സ്ഥലം എം എൽ എ യുടെ മകനാണ്.

രാജാസ് കോളേജിലെ യൂണിൻ സെക്രട്ടറി കൂടിയാണ്.
കോളേജ് ലൈഫ് എന്നൊരു വസന്തകാലം മുന്നിൽ
കണ്ടുകൊണ്ടാണ് ആദിത്യൻ വന്നത്.മലപ്പുറത്ത്
പഠിക്കാൻ വേണ്ടിയെത്തിയ തലശ്ശേരിക്കാരൻ
ആദി.ദരിദ്രനായിരുന്ന വളരെ കഷ്ടപ്പെട്ട് ഉയർന്ന മാർ
ക്കോട്ടുകൂടി രാജാസ് ഗവൺമെന്റ് കോളേജിൽ
അഡ്മിഷൻ വാങ്ങിയത്.കൂലിപണിക്കാരനായ അച്ഛന്റെ
യും അവനെ അങ്ങേയറ്റം സ്നേഹിക്കുന്ന
അമ്മയുടെയും വാത്സല്യ നിറവുള്ള
കുഞ്ഞിപെങ്ങളുടെയും പിന്നെ അവന്റെ നാടിന്റെയും
സ്വപ്നം പൂവണിയിക്കാൻ വന്നവനായിരുന്നു
ആദി.പാവം ആരോടും ഒരു വഴക്കിനും പോവാത്ത
നിഷ്കളങ്കൻ.അവൻ ആരേയും ശ്രദ്ധമായി
നോക്കാറുപോലുമില്ല.
കോളേജും പരിസരവും തന്റെ മനസ്സിലേക്ക്
ആവാഹിച്ച് വരുകയായിരുന്നു.അവന്റെ പടുലത
കണ്ടപ്പോഴെ രാഹുലിന് പിടികിട്ടി.

അവനെ മതി അടുത്തത്.നിക്ക് നിക്ക് റോഷന്റെ വിളിയിൽ അവൻ പകച്ചു.പേരന്താടാ? ആദിത്യൻ.പരിസരമെന്നോണം അവർ പിന്നെയും അവനെകൊണ്ടു പേരുചോദിച്ചു.അവൻ പറഞ്ഞു.ആദിത്യ ൻ...ആദിത്യൻ.കുരങ്ങനായി,പട്ടിയായി,കോഴിയായി അഭിനയിപ്പിച്ചു.നീ ഏതാ ഡിപ്പാട്ട്മെന്റ് രാഹുൽ മെക്കാനിക്കൽ അങ്ങനെ പറ,നമ്മുടെ ആളാ.പരിഹാസ പൂർമുള്ള രാഹുലിന്റെ മറുപടി.നീ ഹോസ്റ്റലിലാണോ?അതെ,റൂമ് നമ്പർ 116.എകിൽ റൂമിൽ നിന്ന് വിശദമായി പരിചയപ്പെടാം.ഞങ്ങളും അവിടെ തന്നെയാ.

കോളേജിൽ അന്നത്തെ ആദിത്യന്റെ ദിവസം സന്തോഷകരമായിരുന്നില്ല.കാരണം ആദ്യ

നാൾ തന്നെ റാഗിങ്.പിന്നീട് അവൻ ഹോസ്റ്റലിൽ രാത്രി 8.30 തൊട്ട് ഇവിടെ ഒരു പരിപാടിയുണ്ട്. ഒരു സമപ്രായക്കാരൻ അവനോട് പറഞ്ഞു.എന്ത്? **ജൂനിയേഴ്സിനെ രാത്രി ഒരു റാഗിങ്.പേടിയാൽ ആദിത്യൻ പോയില്ല.രാത്രി 10.30 ആയി.എല്ലാവരും ഉറങ്ങി.രാഹുലും സംഘവും റൂമിൽ വന്നു.ഉറങ്ങി കിടന്ന ആദിയുടെ തലയിൽ വെള്ളമൊഴിച്ച് ഉണർത്തി.ഞെട്ടലോടെ അവൻ ചാടി എഴുന്നേറ്റു.നീ എന്താടാ അങ്ങോട്ട് വരാതിരുന്നെ?മൗനം അവൻ ആയുധമാക്കി.നിനക്കെന്താ നാക്കില്ലെ.പാ.....പറയടാ.അതുകൊണ്ട് ചേട്ടൻമാർ ഇങ്ങുവന്നു.**

**നിന്റെ നാട് എവിടെയാ?തലശ്ശേരി....വിറച്ച് വിറച്ച് അവൻ പറഞ്ഞു.ഓ.....ബിരിയാണി.എടാ ഇതു ഇങ്ങു കൊണ്ടുവാ.രാഹുൽ റോഷനോട് പറഞ്ഞു.ഹോട്ടലിൽ നിന്ന് കൊണ്ടുവന്ന ബിരിയാണിയുടെ വേഴ്സറ്റ് അവിടെ**

തറയിൽ നിരത്തി.എടാ ഇത് ഏതു ബിരിയാണി ആണെന്ന് പറ.

ആജ്ഞാപന സ്വരത്തോടുള്ള രാഹുലിന്റെ ചോദ്യം.അറിയില്ല.അങ്ങനെ പറയല്ല മണത്തുനോക്ക് .അവന്റെ തലപിടിച്ച് ബിരിയാണിയിൽ ഉരച്ചു.അവനെ നഗ്നനാക്കി നിലത്തിട്ട് തല്ലി.ഒരു രാത്രി മുഴുവൻ അവനെ തല്ലി അവശനാക്കി.അവന്റെ തലമുടി പിഴിതെടുത്തു.നഖം പറിച്ചെടുത്തു.എടാ നാളെ കോളേജിൽ വരണം.അല്ലെകിൽ.....രാഹുൽ ഭീഷണി മുഴക്കി പോയി.പിറ്റെ ദിവസം പൊട്ടിയ നഖവും തലയിലെ ചോരക്കറാതെ ദേഹത്തെ നീരിറങ്ങാതെ ആദിത്യൻ കോളേജിൽ പോയി.അവന്റെ അവസ്ഥ കണ്ടവർ പ്രിൻ സിയുടെ കൈയിൽ പരാതി നൽകി.ആദിത്യൻ അതിൽ ഒപ്പിട്ടു.ഉടൻ നടപടി എടുത്ത പ്രിൻസി രാഹുലിനും കൂട്ടർ ക്കും അഞ്ചു മാസം സസ്പെൻഷൻ 10000 പിഴ.ഇതിന്റെ ദേഷ്യത്താൽ അവർ ആദിത്യനെ കോളേജ് വിട്ടപ്പോൾ തട്ടികൊണ്ടു പോയി.രാഹുൽ ഒരുക്കിയ ചാത്താൻ

മലയുടെ മുകളിൽ അവർ എത്തി.താൻ എങ്ങോട്ടെന്ന്

ആദിക്കറിയില്ല.

അവനെ മലയുടെ മുകളിൽ എത്തിയ ശേഷം വണ്ടിയിൽ

നിന്നിറക്കി.അവനെ തറയിൽ ഇട്ട് ചവിട്ടി.നിശ്ക്രൂരരായ

അവർ അവന്റെ തലയിലെ മുടി പിന്നെയും പിഴുതെടുത്ത്

,വാടിയ നഖമില്ലാത്ത വിരലുകൾ കാലുകൊണ്ട് തല്ലി

ചതച്ചു.അവൻ വാവിട്ട്

അലറി.അമ്മേ....രക്ഷിക്കണേ..വേദനിക്കുന്നു.വേണ്ട

മോനെ നിന്റെ കരചിൽ കേക്കാൻ ഇവിടെ

ആരുമില്ല.ഇത് ചെകുത്താൻ മലയാ..പലരേയും കൊന്ന്

തള്ളിയതാ..

നീ ഒപ്പിട്ട ഈ കൈകൾ നിനക്കിനി വേണ്ടാ

ഇതും പറഞ്ഞ് രാഹുൽ ആദിയുടെ കൈകൾ

ഒടിച്ചു.അവന്റെ വിരലുകളിൽ മുളകിട്ടു.നീറി പൊട്ടി ആദി

കരഞ്ഞിട്ടും അവനു നേരെയുള്ള ക്രൂരത തുടർ

ന്നു.തലകീഴായ് കെട്ടിതൂക്കി അവനെ തല്ലി ചതച്ചു.കത്തി

കൊണ്ട് മേലാസകലം വരഞ്ഞു.ഓർക്കുക ഇതെല്ലാം

**അവന്റെ ഹൃദയ തുടിപ്പ് ഉള്ളപ്പോൾ.....അവനെ ജീവശവമാക്കിയ ശേഷം അനന്തമായ കൊക്കയിൽ തള്ളിയിട്ടു.....അവന്റെ മൗനത്തിന്റെ മൂടിപടം മാറ്റി ഒരു ഒപ്പിട്ടതിനാണ് ഈ ശിക്ഷ....**

***അടുത്ത സൂര്യോദയം കാണാന് ആദിയില്ല.ആദിയ്ക്ക് വേണ്ടിയുള്ള സമരം ശക്തമായി കോളേജില്.ജസ്റ്റിസ് ഫോര് ആദി .ആദി എവിടെ ,മുദ്രാവാക്യങ്ങള് ഉയര്ന്നു.സംശയത്തിന്റെ കണ്ണുകള് രാഹുലില് തന്നെ.പക്ഷെ എന്ത് കാര്യം.പിരിപാടുള്ള രാഹുലിന് അതൊരു പ്രശ്നമല്ലായിരുന്നു.അവന്റെ നീതിയ്ക്ക് വേണ്ടിയുള്ള വാദം രണ്ടു മാസം മാത്രം നീണ്ടു.നഷ്ടമായത് ആര്ക്കൊക്കെ അവനെ സ്വപ്നം കണ്ട ഒരു കുടുംബത്തിന്.എത്രയോ സംഭവങ്ങള് ഈ നാട്ടില് തേഞ്ഞു മാഞ്ഞു പോകുന്നു.ഇതിനെതിരെ പ്രതിഷേധിക്കണം.ആരും കാണല്ലെ കേക്കല്ലെ മിണ്ടല്ലെ.......***

# പ്രളയം പഠിപ്പിച്ച ജീവിതപാഠങ്ങൾ

99 ലെ പ്രളയം എന്ന് കേട്ടിട്ടുണ്ടോ? പമ്പയിലൂടെ ആനയുടെ ജഡം ഒഴുകി വന്നതും വൻമരങ്ങൾ കരകവിഞ്ഞ് കേരളമൊട്ടാകെ ഒറ്റപ്പെട്ടതും പട്ടിണിയായതും അതൊക്കെ ഒരവിശ്വസനീയമായ കാര്യമല്ലേ നാം കരുതിയിരുന്നുള്ളൂ. എന്നാൽ ആ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ടായിരുന്നു 2018 ലെയും 2019 ലെയും പ്രളയം കേരളം അനുഭവിച്ചത്. മഴ പെയ്താൽ വെള്ളം പെട്ടെന്ന് പൊങ്ങുകയും അതേപടി താഴുകയും ചെയ്യുന്നു. ഇതാണ് കേരളം. പരിചയിച്ച വെള്ളപ്പൊക്കം. എന്നാൽ ഇതെല്ലാം തെറ്റിച്ചുകൊണ്ടായിരുന്നു മഴയുടെയും പുഴയുടെയും ഒത്തുക്കളി. ഒരു പക്ഷേ കാസർഗോഡും ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളേയും പുഴകളും കരകളും ഒഴുകി. കേരള സംസ്ഥാനത്തിലെയും ഭൂരിപക്ഷ പ്രദേശങ്ങളും കൊടുപ്രളയത്തിൽ ഇരയായി. വെള്ളം ജനകേന്ദ്രങ്ങളിലേക്ക് എത്തി. ജനങ്ങൾ ക്യാമ്പുകളിൽ അഭയം തേടി. കേരളത്തിലെ ഒട്ടുമിക്ക  വിദ്യാഭ്യാസ മേഖലകളിലു പ്രളയം സാരമായി ബാധിച്ചു. ഇരതോരാതെ പെയ്യുന്ന ഇടവപാതി കാണുകയായിരുന്നു ജനങ്ങൾ.

കൊടുപ്രളയയം വരുമെന്ന് കാലാവസ്ഥ കേന്ദ്രങ്ങളുടെ പ്രവചനം അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് തെളിയിക്കുകയായിരുന്ന ആഗസ്റ്റ് 9 മുതൽ 18 വരെയുള്ള തിയതികളിൽ. ബാക്കിയാവുന്നത് പ്രളയ ദുരന്തം അനുഭവിച്ചവരുടെ കണ്ണീരോർമകളും മറ്റും. ഒരു പക്ഷേ കാസർഗോഡ് ജില്ലയിൽ മാത്രമാണ് പ്രളയം അത്രമാത്രം ബാധിക്കാത്തത്. അതുകൊണ്ടുതന്നെയാണല്ലോ നാം ഒരു നവകേരളം പുന:സൃഷ്ടിക്കായി തയ്യാറെടുക്കുകയാണെന്ന് പറയുന്നത്. ഇന്നിപ്പോൾ പുനർനിർമ്മാണ ഘട്ടത്തിലാണ് കേരളം. പ്രകൃതി ഒരു അപകടകാരിയാണെന്ന് മനസ്സിലാക്കുകയാണ് നാം ഈ നാളുകളിൽ വേറൊന്നും കൊണ്ടല്ല, മനുഷൻ പ്രകൃതിയോട് കാണിക്കുന്ന ചില ക്രൂരമായ പ്രവർത്തനത്തിലും പകരമായിട്ടാണ്. പ്രക്രതി തിരിച്ചടിക്കുന്നത്, പ്രതികരിക്കുന്നത്.നമുക്കറിയാം വെള്ളപ്പൊക്കം ഒരു പ്രക്രതി ദുരന്തമാണെന്ന്.എന്നാൽ കീടിയും അത് മനുഷ്യൻ ചെയ്യുന്ന ചില പ്രവർത്തനങ്ങളുടെ ഭാഗമായി കിട്ടുന്ന ഫലമാണ്.ഈ നാളുകൾ കോണ്ട് വന നഷീകരണത്തിലൂടെ ഒരു ചെറിയ മഴ പെയ്താൽ കൂടിയും മമ്ണിടിച്ചിൽ അനുഭവപ്പെടുന്നത്.

നെൽ വയൽ നികത്തിയും കുന്നിടിച്ചും വൻ കെട്ടിടങ്ങൾ പണിതുയർത്തുന്നതിന്റെ ഫലമെന്തെന്ന് പ്രളയം നമ്മെ പഠിപ്പിച്ചത്.മുറ്റത്ത് ഇന്റർലോക്കും മറ്റും ഉണ്ടാക്കി വീട് ഭംഗിയാക്കുന്ന ആളുകലുടെ വീട്ടിലും വെള്ളം കയറി. പമത്തിനും പ്രതാപത്തിവും സുഘസൗഗര്യങ്ങൾക്കും ഒരു ആപത്തു വന്നാൽ സഹായിക്കാനോ രക്ഷിക്കാനകഴില്ലെന്ന് നാം മനസ്സിലാക്കി. വൈദ്യുതി ഉപയോഗിക്കാതെയോ ഫോൺ ഉപയോഗിക്കാതെയോ കിട്ടുന്ന് ആഹാരം പങ്കുവച്ച് കഴിക്കാൻ കഴിയുമെന്ന് ദുരിതാശ്വസ ക്യാമ്പിലെ അഭയാർത്ഥികൾ മനസ്സിലാക്കി. പ്രളയക്കാലത്ത് സമ്പത്തുള്ളവനും ഇല്ലാത്തവനും ഒരുപോലെ നിന്ന് കൈകോർത്തു. “മീനിന് ഇത്രയേയുള്ള മുതലാളി " എന്നു പറയുന്ന മത്സ്യതൊഴിലാളികൾക്ക് വിലയുണ്ടെന്ന് നാം ഈ കാലങ്ങളിലൂടെ മനസ്സിലാക്കി. കാരണം പ്രളയത്തിൽ പെട്ടുപോയ ഭൂരിഭാഗമെന്നല്ല മുഴവൻ ആളുകളേയും രക്ഷിച്ചത് അവരായിരുന്നു. ഉള്ളവനും ഇല്ലാത്തവനും അന്ന് ഒരുപോലെയായിരുന്നു. ജാതിയോ മതമോ വർഗ്ഗീയത ഒന്നുമില്ല. ആരേയും രാഷ്ട്രീയത്തിന്റെ പേരിലോ വർണവ്യത്യാസത്തിന്റെ പേരിലോ അകറ്റി നിർത്തിയില്ല. പണത്തിന് വേണ്ടി പ്രകൃതി എന്തുമാത്രം ചൂഷണം ചെയ്യുന്നവർക്ക്പോലും അന്ന് കേരളത്തിന്

വേണ്ടി കൈകോർക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വികസനത്തിന്റെ പേരിൽ കുന്ന് ഇടിച്ചും നെൽപ്പാടം നികത്തിയും മറ്റും വൻക്കിട കെട്ടിടങ്ങൾ പണിതുയർത്തുകയും അന്ന് കൈകോർത്തു. ചുരുക്കിപറഞ്ഞാ പ്രകൃതിയും വികസനവും അന്ന് കേരളത്തിനുവേണ്ടി കൈകോർത്തു. ജാതിയോ മതമോ എന്ന വേർതിരിവില്ലാതെ ഒരേ പ്ലേറ്റിൽ ഭക്ഷണം കഴിക്കാൻ നമ്മുക്ക് സാധിക്കുമെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. അതിജീവനത്തിന്റെ ശ്രമഘട്ടങ്ങളിൽ കടന്നുപോവുകയാണ് നാം. ചേർത്ത് പിടിക്കാനും ചേർന്ന് നിൽക്കാനും ഒരുമിച്ച് ശ്രമിക്കാനും പ്രളയം നമ്മെ പഠിപ്പിച്ചു. ആഗസ്റ്റ് 9 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ പ്രളയം നമ്മെ ഓരോ പാഠങ്ങൾ പഠിപ്പിക്കുകയായിരുന്നു. പ്രളയത്തിൽ ഒരുവനെ രക്ഷിച്ചത് കൊണ്ടോ ചേർന്നുനിന്ന് ശ്രമിച്ചതുകൊണ്ടോ മാത്രമല്ല, ഇതുപോലെയുള്ള മനോഭാവമാവണം എന്നു നാമോരോരുത്തർക്കും. അതിനായി നമ്മുക്ക് പ്രകൃതി നശിപ്പിച്ചുകൊണ്ടുള്ള വികസനം നിർത്തലാക്കിയാൽ ഒട്ടുമിക്ക പ്രകൃതി ദുരന്തങ്ങളും നമ്മുക്ക് അകറ്റാൻ കഴിയും........ നമ്മുക്ക് ചേർന്നുനിന്ന് പരിശ്രമിക്കാം. ഒരു നവകേരള സൃഷ്ടിക്കായ് ഒരുമിച്ച് നിൽക്കാം.......... പ്രാർത്ഥിക്കാം കേരളത്തിനുവേണ്ടി.

# കേരളത്തിന്റെ ഉയർത്തെഴുന്നേൽക്കൽ

*നൂറ്റാണ്ടുകൾക്കിടയിൽ കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത പ്രളയമാണ് നീണ്ട രണ്ടു വർഷമായ് അനുഭവിക്കുന്നത്.കേരളം ഒന്നടക്കം നടുങ്ങിയെങ്കിലും ഒന്നാണു നമ്മൾ. എന്ന ആദർഷം മനസ്സിൽ സ്വീകരിച്ച് കൊണ്ട് ഒറ്റക്കെട്ടായ് നിന്ന് പ്രളയത്തെ വരെ കേരള മക്കൾ അതിജീവിച്ചു.*

*പ്രളയമെന്ന മഹാ മാരിക്ക് മുമ്പുകണ്ട കേരളമല്ലയിത്. മനുഷ്യർ പലരും മാറിക്കൊണ്ടിരിക്കുന്നു. പ്രളയത്തിലൂടെ മനുഷ്യൻ പലതും പഠിച്ചു.ദൈവം മനുഷ്യനെ പഠിപ്പിച്ചു.സമ്പത്തോ ദാരിദ്രവുമുള്ള മനുഷ്യരെല്ലാം ഓരോ ദുരിതാശ്വാസക്യാമ്പിൽ ഒന്നിച്ചുകൂടിയപ്പോൾ നാമെല്ലാം ഒന്നാണ് എന്ന പാഠം നമ്മുക്ക് പഠിപ്പിച്ചു തരാൻ ദൈവത്തിന് സാധിച്ചു.*

*തൊട്ടടുത്തുള്ള വീട്ടിലുള്ളവർ തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത കാലമാണിത്.*

*അങ്ങനെയുള്ള ആധുനിക സംസ്കാരം പ്രളയം വന്നപ്പോൾ ഒലിച്ച് പോയി. പരസ്പരം അറിയുവാനും പരിചയപ്പെടാനും എല്ലാം ദുരിതാശ്വാസക്യാമ്പിൽ കഴിഞ്ഞവർക്ക ഇടയായി. തുടരെതുടരെ വരുന്ന പ്രളയത്തിൽനിന്നും കരകയറാൻ മനുഷ്യൻ പഠിച്ചു വരുന്നു. പിണങ്ങി താമസിക്കുന്നവർ തമ്മിൽ ഒരു പ്രളയത്തിലൂടെ ഇണങ്ങി, അയൽവക്ക വഴക്കുകളും കുടുംബവഴക്കുകളും ഒരു പരിധിവരെ മനുഷ്യൻ അവസാനിച്ചു.*

*ഓരോ പ്രളയം വരുമ്പോഴും ഒരു ആയുസ്സ് മുഴുവൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയതെല്ലാം പ്രളയജലം വിഴുങ്ങുമ്പോൾ സഹിക്കാൻ ഓരാൾക്കും കഴിഞ്ഞില്ല. എന്നാൽ സമ്പത്തും ജീവിതസുഖങ്ങളും മനുഷ്യഹൃദയങ്ങളെ സ്വാധീനിച്ചു. പണക്കാരനാണോ പാവപ്പെട്ടവനാണോ എന്ന് നോക്കാതെ എല്ലാവരും കൈകൾ കോർത്ത് പിടിക്കാനുള്ള മനസ്സ്*

കാണിച്ചു. ഒരുപക്ഷേമറ്റേതെങ്കിലുംസംസ്ഥാനങ്ങളിലാണ്ഇത്സംഭവിച്ചിരുന്നതെങ്കിൽ രാഷ്ട്രീയവും പക്ഷാതാപപരവുമായ ഇടപെടൽ ഉണ്ടായേക്കാം. എന്നാൽ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന കേരളം പഠനങ്ങളിലോ കലയിലോ കായികത്തിലോ മാത്രമല്ല. ഒരു ദുരന്തം വന്നാൽ അതിനെ അതിജിവിക്കാനുള്ള കരുത്തും ബുദ്ധിയുമുള്ളവരാണ് എന്ന് തെളിയിച്ചിരിക്കുകയാണ്.

ജാതി മത വർഗ വ്യത്യാസമില്ലാതെ രാഷ്ട്രീയവും സാംസ്കാരികവുമായ എല്ലാ പ്രവർത്തകരും തങ്ങളുടെ ഉറ്റവരെ രക്ഷിക്കാനായി അഭിമുഖീകരിച്ചു. ഏറ്റവും അടുത്ത് പറയേണ്ട കാര്യം യാതൊരു മുൻഗണനയുമില്ലാതെ തങ്ങളുടേതായ ലോകത്തിൽ ഒതുങ്ങിയ മത്സ്യതൊഴിലാളികളാണ്. അവരുടെ വലിയ സഹായം കൊണ്ടാണ് കേരളം വലിയ പ്രളയത്തിൽനിന്നും കരകയറിയതും അവരെ വേണ്ടവിധം പരിഗണിക്കാതിരുന്നത് എതിരായി ഇവർക്ക് പ്രളയം കണ്ടില്ലെന്ന് വ്യക്തമായിരുന്നു.

കൈയ്യും മെയ്യും മറന്ന് അവർ മത്സ്യബന്ധനബോട്ടുകളെല്ലാം ഉപയോഗിച്ച് വീടുകൾക്കും കെട്ടിടങ്ങൾക്കും മുകളിലും അകപ്പെട്ടവരെയെല്ലാം രക്ഷിച്ചു.കേരള ജനതക്ക് പുതുജീവൻ നൽകുന്നതിലും അവരുടെ വിനീതമായ പങ്ക് വളരെ വലുതാണ്. അവർ നൽകുന്ന പാഠം വളരെ വലുതാണ്. എത്ര ചെറിയവരെന്ന മുദ്ര കുത്തിയവർ പോലും ആവശ്യനേരത്ത് നമുക്ക് ഉപകാരമായിത്തീരും. കേരള ജനതയുടെ ഉയറ്ത്തെഴുന്നേൽപ്പ് അഭിമാനകരമാണ്.കേരളം എന്തു വന്നാലും നേരിടാൻ തയ്യാറാണെന്ന് തെളിയിച്ചിരിക്കുകയാണ്.നേരിടാൻ തയ്യാറാണെന്ന് പ്രളയത്തിലൂടെ തെളിയിച്ചിരിക്കുകയാണ്.എല്ലാവരും ഒറ്റക്കെട്ടായി നിന്ന് നാം മുന്നോട്ട് എന്ന് പറയുന്നു.കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെട്ടത് ഒരി മഹാ വിപത്തിനെയാണ്.ദൈവത്തിന്റെ സ്വന്തം നാട്ടിലെ ജനങ്ങളുടെ സ്നേഹം വലുതാണ്.

# *Thank you*

